# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3069      28/01/14-ൽ മറുപടിക്ക്

## 'വിപണി ഇടപെടൽ' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഷാഫി പറമ്പിൽ :**<br>**" ലൂഡി ലൂയിസ് :**<br>**" ഐ. സി. ബാലകൃഷ്ണൻ :**<br>**" ജോസഫ് വാഴക്കൻ :** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിപണി ഇടപെടൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;<br><br>സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സാധനങ്ങളാണ് വിതരണം ചെയ്യാനുദ്ദേശിക്കുന്നത്;<br><br>ഡി) ഇത്തരം സാധനങ്ങൾ കുറഞ്ഞ നിരക്കിലും ജനങ്ങൾക്ക് താങ്ങാനാവുന്ന വിലയിലും നൽകാൻ പദ്ധതിയിൽ സൗകര്യമൊരുക്കുമോ ? | ബി) സി) & ഡി) വിപണിയിലുണ്ടാകുന്ന വില വർദ്ധന പിടിച്ചു നിർത്തുന്നതിനും അതു വഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.<br><br>1. നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം ആവശ്യ സാധനങ്ങൾ താഴെ കൊടുത്തിരിക്കുന്ന വിലയിൽ സപ്ലൈകോ വില്പനശാലകൾ വഴി വിറ്റു വരുന്നു. |

| ക്രമ നമ്പർ | ഇനം | 2013-ലെ വില (കി.ഗ്രാമിന്) |
|---|---|---|
| 1. | ചെറുപയർ | 55.00 |
| 2. | ഉഴുന്ന് (ഹോൾ) | 42.00 |
| 3. | വൻകടല | 45.00 |
| 4. | വൻ പയർ | 35.00 |
| 5. | തുവരപ്പരിപ്പ് | 45.00 |
| 6. | മുളക് | 55.00 |
| 7. | മല്ലി | 60.00 |
| 8. | പഞ്ചസാര | 26.00 |

| | | |
|---|---|---|
| 9. | ജയ അരി | 21.00 |
| 10. | കുറുവ അരി | 21.00 |
| 11. | മട്ട അരി | 21.00 |
| 12. | പച്ചരി സോർ ട്ടെക്സ് | 21.00 |
| 13. | വെളിച്ചെണ്ണ | 62.00 |

2. പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി (മട്ട, പച്ചരി, ജയ അരി, കുറുവ അരി) എന്നിവ കി. ഗ്രാമിന് 21 രൂപ നിരക്കിൽ പ്രതിമാസം കാർഡ് 1 ന് 10 കി.ഗ്രാം വരെ വിതരണം ചെയ്തു വരുന്നു.
3. കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ കൂടുതൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനു പുറമെ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തി നായി സഞ്ചരിക്കുന്ന 13 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു. പിന്നോക്ക പ്രദേശങ്ങളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണം കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുന്നതിനായി 10 പുതിയ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ കൂടി ഈ മാർച്ച് മാസത്തോടുകൂടി തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.
4. യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴിനിയന്ത്രിക്കുകയും അതു വഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.
5. ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട കിലോയ്ക്ക് 12 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.
6. അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRPയേക്കാളും ശരാശരി 10 ശതമാനം വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ വൻകിട കുത്തക കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.
7. പൊതുവിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ

വിൽപ്പന നടത്തി വരുന്നു.

8. ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവ്കാല ചന്തകൾ നടത്തി വരുന്നു.
9. പൊതുവിപണിയേക്കാൾ ഏകദേശം 50 ശതമാനം വില കുറച്ച് കാർഡ് ഒന്നിന് 1 കിലോ ഗ്രാം വീതം വെളിച്ചെണ്ണ വിതരണം ചെയ്തു വരുന്നു.

ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് കൂടുതൽ സ്റ്റോക്ക് എത്തിച്ച് വിലവർദ്ധനവ് ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തു വരുന്നുണ്ട്. മേൽ വിവരിച്ച നടപടികൾ പൊതു വിപണിയിലെ വില നിലവാരം നിയന്ത്രിക്കുന്നതിന് വളരെ സഹായകമാണ്.

Beena

**സെക്ഷൻ ഓഫീസർ**